**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 31** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഇടുക്കി പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇടുക്കി ജില്ലയുടെ വികസനത്തിനായുള്ള ഇടുക്കി പാക്കേജിൽ എത്ര കോടി രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചിട്ടുള്ളത്; | (എ) | ഇടുക്കി വികസന പാക്കേജിനായി 2022-23, 2023-24, 2024-25 വർഷങ്ങളിൽ 75 കോടി രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി നാളിതുവരെ ഭരണാനുമതി നൽകിയ പദ്ധതികളുടെയും പൂർത്തീകരിച്ച പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഇടുക്കി വികസന പാക്കേജിന്റെ ഭാഗമായി 2022-23 വർഷം 5 പദ്ധതികൾക്കും 2023-24 വർഷം 3പദ്ധതികൾക്കും ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നു. വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (സി) | എത്ര വർഷത്തിനുള്ളിൽ പ്രസ്തുത പാക്കേജ് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി) | ഇടുക്കി വികസന പാക്കേജിനായി കാലാവധി നിശ്ചയിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി ഈ വർഷം ഏതൊക്കെ പദ്ധതികളാണ് ഏറ്റെടുക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, വിനോദസഞ്ചാരം, അടിസ്ഥാന സൗകര്യവികസനം എന്നീ മേഖലകൾകേന്ദ്രീകരിച്ചുകൊണ്ടുള്ള പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## 2022-23 വർഷം

| ക്രമ നം. | പ്രവൃത്തി | അടങ്കൽ തുക (കോടിയിൽ) | നിർവ്വഹണ ഉദ്യോഗസ്ഥൻ | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | ഇടുക്കിയിൽ (രാജാക്കാട്, മൂന്നാർ, ബൈസൺ വാലി, വെള്ളിയാമറ്റം) മാതൃകാ മൈക്രോ വാട്ടർഷെഡ് വികസന പദ്ധതികളുടെ നിർമ്മാണം | 2.00 | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ | വെള്ളിയാമറ്റം, രാജാക്കാട് ഗ്രാമപഞ്ചായത്തുകളിലെ പ്രവൃത്തികൾ ഏറെക്കുറെ പൂർത്തിയായി. ബൈസൺവാലി, മൂന്നാർ ഗ്രാമപഞ്ചായത്തുകളിലെ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. |
| 2 | വണ്ടിപ്പെരിയാർ കനാൽ നവീകരണവും വെള്ളപ്പൊക്ക സംരക്ഷണ പ്രവർത്തനങ്ങളും | 2.00 | എക്സിക്യൂട്ടീവ് എൻജിനീയർ, മൈനർ ഇറിഗേഷൻ | അടിത്തറ രൂപകൽപന ചെയ്യുന്നതിനുള്ള സോയിൽ ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തിയായി. ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡിന്റെ (ഐഡിആർബി) രൂപരേഖ ലഭിച്ചശേഷം പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| 3 | ഇടുക്കി ഗവൺമെൻ്റ് എഞ്ചിനീയറിംഗ് കോളേജിൽ മൾട്ടി പർപ്പസ് ജിമ്മും അമിനിറ്റി സെന്ററും നിർമ്മാണം | 2.00 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഡബ്ല്യുഡി, (കെട്ടിടം) | ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭിക്കുന്നതിന് ടോപ്പോഗ്രാഫിക്കൽ സർവേ സ്കെച്ചും, മറ്റ് രേഖകളും ആർക്കിടെക്ചറൽ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. എആർ ഡ്രോയിംഗ് ലഭിച്ച ശേഷം പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| 4 | ഏലപ്പാറ ചെമ്മണ്ണ് സർക്കാർ ഹൈസ്കൂൾ അടിസ്ഥാന സൗകര്യ വികസനം | 3.00 | | |
| 5 | ഇടുക്കി ഡാം റിസർവോയറിൽ ടൂറിസ്റ്റ് ബോട്ടിംഗ് സൗകര്യം ഒരുക്കൽ | 1.20 | വൈൽഡ് ലൈഫ് വാർഡൻ ഇടുക്കി | ബോട്ട് സ്പെസിഫിക്കേഷനുകൾ അംഗീകരിക്കുന്നതിനായി ഒരു സാങ്കേതിക സമിതി (കുസാറ്റ്, കേരള മാരിടൈം ബോർഡ്, എസ്ഡബ്ല്യുടിഡി, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന) രൂപീകരിച്ച് നടപടി ആരംഭിച്ചിട്ടുണ്ട്. |
| | **ആകെ** | **10.20** | | |

**2023-24 വർഷം**

| ക്രമ നം. | പ്രവൃത്തി | അടങ്കൽ തുക (കോടിയിൽ) | നിർവ്വഹണ ഉദ്യോഗസ്ഥൻ | നിലവിലെ അവസ്ഥ |
|---|---|---|---|---|
| **1** | ഉടുമ്പൻചോല സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിന്റെ വികസനം | 10.00 | സ്പെഷ്യൽ ഓഫീസർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | വാപ്കോസ് മണ്ണുപരിശോധന പൂർത്തിയാക്കി. ഘടനാപരമായ രൂപകല്പന, എസ്റ്റിമേറ്റ് തയ്യാറാക്കൽ പ്രക്രിയകൾ പുരോഗമിക്കുന്നു. |
| 2 | പൈനാവിൽ വർക്കിംഗ് വിമൻസ് ആൻഡ് മെൻസ് ഹോസ്റ്റലിന്റെ നിർമ്മാണം | 7.00 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഡബ്ല്യൂഡി, (കെട്ടിടം) | നിർദിഷ്ട പുരുഷ ഹോസ്റ്റലിനായി 45 സെൻ്റ് സ്ഥലവും നിർദിഷ്ട വനിതാ ഹോസ്റ്റലിനായി 50 സെൻ്റ് സ്ഥലവും പിഡബ്ല്യൂഡി (കെട്ടിട വിഭാഗത്തിന്) കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 3 | മനുഷ്യ-മൃഗ സംഘർഷ മേഖലകളിൽ സോളാർ ഫെൻസിങ് സ്ഥാപിക്കൽ | 2.23 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മൂന്നാർ | എംസിസിക്ക് ശേഷം, നിർദിഷ്ട ജോലികൾക്കായി റീ ടെൻഡർ വിളിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| | **ആകെ** | **19.23** | | |

**അനുബന്ധം ii**

| ക്രമ നം. | പ്രവൃത്തി | അടങ്കൽ തുക (കോടിയിൽ) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | സമഗ്രമായ ക്ഷീരവികസനം: ഡിസിഎസുകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ | 0.92 | ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ |
| 2 | മനുഷ്യ-മൃഗ സംഘർഷ മേഖലകളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 0.76 | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, അടിമാലി |
| 3 | തോട്ടം മേഖലകളിൽ/മറ്റു പിന്നാക്ക പ്രദേശങ്ങളിൽ 10 മാതൃകാ അംഗൻവാടികളുടെ നിർമാണം | 2.93 | പ്രോഗ്രാം ഓഫീസർ, ഐ.സി.ഡി.എസ് |
| 4 | മറയൂർ ജാഗറി ക്ലസ്റ്റർ പദ്ധതി സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ- ക്ലസ്റ്റർ വികസന പദ്ധതി (എംഎസ്ഇ-സിഡിപി) പദ്ധതി | 0.52 | ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം |
| 5 | കട്ടപ്പന സർക്കാർ കോളേജിൽ സുസജ്ജമായ ആധുനിക ലബോറട്ടറികളുടെ നിർമ്മാണം | 5.00 | പ്രിൻസിപ്പൽ, ഗവൺമെന്റ് കോളേജ് കട്ടപ്പന |
| 6 | പാലങ്ങളുടെ നിർമാണം പൂർത്തീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം-കുമളി ഗ്രാമ പഞ്ചായത്തിലെ നുലംപാറ പാലം പൂർത്തീകരണം, വാഗമണ്ണിലെ നാരകക്കുഴി പാലം, ഏലപ്പാറ ഗ്രാമ പഞ്ചായത്തിലെ കൊച്ചുകരിന്തരുവി പുല്ലാട്ടുപടി പാലം | 1.83 (40.00 ലക്ഷം +43.00 ലക്ഷം +100.00 ലക്ഷം) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ ഐഡി & ഇ ഡബ്ളിയൂ |
| | **ആകെ** | **11.96** | |